## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 22 　　　　　　26.09.2016-ൽ മറുപടിയ്ക്ക്

# വിവരാവകാശ നിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ടി. ബൽറാം<br>,, തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എ. പി. അനിൽ കുമാർ<br>,, വി. പി. സജീന്ദ്രൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭരണ രംഗത്ത് സുതാര്യത കൈവരുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്യാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | സർക്കാരിന്റെ സേവനങ്ങൾ സമയബന്ധിതമായി ജനങ്ങളിലേക്കെത്തിക്കുന്നതിനും ആയത് സുതാര്യമായും കൃത്യമായും ലഭ്യമാക്കുന്നതിനുമായി സേവനാവകാശനിയമം പുറപ്പെടുവിച്ചിട്ടുണ്ട്.<br>സംസ്ഥാനത്ത് നിലവിലുള്ള സേവനാവകാശ ആക്ടിലെ 3-ാം വകുപ്പ് പ്രകാരം ആക്ടിന്റെ പ്രാരംഭം മുതൽ ആറു മാസത്തിനകം, ഓരോ സർക്കാർ വകുപ്പും, ഓരോ വകുപ്പ് മേധാവിയും, ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും, ഓരോ നിയമാധിഷ്ഠിത നികായവും, അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>ആക്റ്റിന്റെ 4-ാം വകുപ്പിൽ, 3-ാം വകുപ്പ് പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട സേവനങ്ങൾ നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കുന്നതിന് ഓരോ അർഹതയുള്ള ആൾക്കും അവകാശം ഉണ്ടായിരിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിരിക്കുന്നു. കൂടാതെ വിവരാവകാശ നിയമവും നിലവിലുണ്ട്. |
| (ബി) | ഇതിനായി നിർബന്ധമായും എല്ലാ വകുപ്പുകളുടെയും വിവരങ്ങൾ വെളിപ്പെടുത്തണമെന്ന വ്യവസ്ഥകൾ ഏർപ്പെടുത്തുമോ; | | |
| (സി) | വിവരാവകാശ നിയമമനുസരിച്ചുള്ള നടപടികൾ കൃത്യമായി നടപ്പാക്കുന്നുണ്ടോ എന്നു വിലയിരുത്തുമോ; | (സി) യും (ഡി) യും | വിവരാവകാശ നിയമപ്രകാരമുള്ള നടപടികൾ സംസ്ഥാന വിവരാവകാശ കമ്മീഷൻ മുഖേന കുറ്റമറ്റ രീതിയിൽ നടന്നുവരുന്നതായി സർക്കാർ വീക്ഷിക്കുന്നു. കമ്മീഷന്റെ വാർഷിക പ്രവർത്തന റിപ്പോർട്ട് നിയമസഭയ്ക്ക് നൽകി വരുന്നുമുണ്ട്. |
| (ഡി) | ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | | |
| (ഇ) | മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമം വഴി | (ഇ) | മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം നൽകണമെന്ന വിവരാ |

| | | | |
|---|---|---|---|
| | വെളിപ്പെടുത്തണമെന്ന വിവരാവകാശ കമ്മീഷണറുടെ ഉത്തരവിനെതിരെ അപ്പീൽ നൽകിയ ഗവൺമെന്റ് നടപടി പുന:പരിശോധിക്കുമോയെന്ന് വ്യക്തമാക്കുമോ: | | വകാശ കമ്മീഷന്റെ ഉത്തരവിനെതിരെയല്ല സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചിട്ടുള്ളത്. മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശനിയമപ്രകാരം നൽകണമെന്നു തന്നെയാണ് ഈ സർക്കാരിന്റെ നയം. മുൻ സർക്കാരിന്റെ 01.01.2016 മുതൽ 12.03.2016 വരെയുള്ള കാലയളവിലെ മന്ത്രിസഭാ തീരുമാനങ്ങൾ, മിനിട്സ്, അജണ്ട, മന്ത്രിസഭാ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ എന്നിവ ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള ഒരു അപേക്ഷയിന്മേൽ അവ ചീഫ് സെക്രട്ടറിയുടെ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അപേക്ഷകന് നൽകണമെന്ന് മുഖ്യ വിവരാവകാശ കമ്മീഷണർ ഉത്തരവ് നൽകിയിരുന്നു. അപ്രകാരം നടപടി പൂർത്തിയായതും പൂർത്തിയാകാത്തതുമായ മന്ത്രിസഭാ തീരുമാനങ്ങൾ 796 എണ്ണമുണ്ട്. അവ വേർതിരിച്ചു അപേക്ഷകന് നൽകുന്നത് ചീഫ് സെക്രട്ടറിയുടെ ഓഫീസിന്റെ പ്രവർത്തനത്തെ അനുയോജ്യമല്ലാത്ത വിധത്തിൽ വ്യതിചലിപ്പിക്കുമെന്നതിനാലാണ് സർക്കാർ പ്രസ്തുത ഉത്തരവിനെതിരെ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഹർജി സമർപ്പിച്ചത്. |
| (എഫ്) | മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമമനുസരിച്ച് വെളിപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ? | (എഫ്) | മന്ത്രിസഭാ തീരുമാനങ്ങൾ വിവരാവകാശ നിയമപ്രകാരം അപേക്ഷിക്കുന്നവർക്ക് നൽകുന്നതിൽ ഒരു തടസ്സവും നിലവിലില്ല. 20.07.2016-ലെ സ.ഉ. (സാധാ) 20/2016/പൊഭ (എസ്.സി) ഉത്തരവ് പ്രകാരം മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, അത് പുറപ്പെടുവിച്ച ഉടൻ തന്നെ മന്ത്രിസഭാ യോഗത്തിന് സമർപ്പിച്ച കുറിപ്പുകൾ, തീരുമാനം എന്നിവ ഉൾപ്പെടെ സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതിൻപ്രകാരം അവ kerala.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ